പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 1851 15-07-2016-ൽ

മറുപടിക്ക്

## കഴിഞ്ഞ സർക്കാറിന്റെ അവസാന ആറുമാസകാലയളവിൽ ഇറക്കിയ ഉത്തരവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ശശി | ബഹു.പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | കഴിഞ്ഞ സർക്കാറിന്റെ അവസാന ആറുമാസ കാലയളവിൽ ഭൂമി പതിച്ചു നൽകൽ, ഭൂപരിധി നിയമത്തിൽ ഇളവുകൾ, വയൽ നികത്തൽ അനുമതി, മിച്ച ഭൂമി ഏറ്റെടുക്കാതിരിക്കാൻ നടപടി, പാട്ടക്കുടിശ്ശിക ഇളവു നൽകൽ, വിവിധ നികുതി കുടിശ്ശിക റദ്ദാക്കലും ഇളവുനൽകലും സ്റ്റേ അനുവദിക്കലും തുടങ്ങി ഓരോ വകുപ്പുമായി എത്ര ഉത്തരവുകൾ നൽകി വിശദാംശം ലഭ്യമാക്കുമോ; | 01-01-2016 മുതൽ 30-04-2016 കാലയളവിൽ കഴിഞ്ഞ സർക്കാരിന്റെ മന്ത്രിസഭാ യോഗ തീരുമാനങ്ങൾക്കനുസൃതമായി വിവിധ വകുപ്പുകളിൽ നിന്നും പുറപ്പെടുവിച്ച ഉത്തരവുകളുടെ നിയമ സാധുതയും സാങ്കേതികപരമായ വിഷയങ്ങളും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി കൺവീനറായുള്ള മന്ത്രിസഭാ ഉപസമിതി പരിശോധിച്ച് വരികയാണ്. പ്രസ്തുത ഉപസമിതിയുടെ അന്തിമ റിപ്പോർട്ടിനനുസൃതമായി തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഇവയിൽ മന്ത്രിസഭാ യോഗ അജണ്ടയിൽ ഉൾ പ്പെടുത്താതെ പുറപ്പെടുവിച്ചവ, നിയമ വകുപ്പിന്റെ അറിവില്ലാതെ പുറപ്പെടുവിച്ചവ, ബന്ധപ്പെട്ട വകുപ്പ് മേലാധികാരികളെയോ വകുപ്പോ | മുകൾ വിവരിച്ച വസ്തുതകളുടെ വെളിച്ചത്തിൽ പ്രസക്തമല്ല. |

| | | |
|---|---|---|
| | അറിയാതെ പുറപ്പെട്ടുവിച്ചവ എന്നീ വിഭാഗങ്ങളിലുൾപ്പെട്ട ഉത്തരവുകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ; | |
| (സി) | ഇത്തരം വിവിധ ഉത്തരവുകളുടെ ഉറവിടം കണ്ടെത്താനും, നിയമ സാധുത പരിശോധിച്ച് ഇവ റദ്ദാക്കാനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | മുകൾ വിവരിച്ച വസ്തുതകളുടെ വെളിച്ചത്തിൽ പ്രസക്തമല്ല |
| (ഡി) | പ്രസ്തുത എല്ലാ ഉത്തരവുകളും നിയമവകുപ്പിന്റെ പരിശോധനയ്ക്ക് ശേഷം അനധികൃതമായവ റദ്ദാക്കാനും അനഭിമത പ്രവർത്തനങ്ങൾ നടത്തിയവർക്കെതിരെ ഉന്നതതല അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്താനും നടപടി സ്വീകരിക്കുമോ? | മുകൾ വിവരിച്ച വസ്തുതകളുടെ വെളിച്ചത്തിൽ പ്രസക്തമല്ല |

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**